**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(സാന്നിദ്ധ്യം – ജാഫർ മലിക് ഐഎഎസ്)**

തിരുവനന്തപുരം

**ഉത്തരവ് നമ്പർ ഇ9-6121/19 (1)** തീയതി 31/5/2019

വിഷയം :- സാമൂഹ്യനീതി വകുപ്പ് -ജീവനക്കാര്യം 01-11-2001 മുതൽ 31-08-2008 വരെ ജോലിയിൽ പ്രവേശിച്ച സൂപ്പർവൈസർ (ICDS) തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് -ജീവനക്കാരിയെ ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സാമൂഹ്യനീതി ഡയറക്ടറുടെ 28-7-2007 ലെ ഇ9-18816/06/DSW നമ്പർ നടപടിക്രമങ്ങൾ

2. സാമൂഹ്യനീതി ഡയറക്ടറുടെ 30-9-2009 ലെ ഇ9-37165/08/DSW നമ്പർ നടപടിക്രമങ്ങൾ

3. സാമൂഹ്യനീതി ഡയറക്ടറുടെ 31-05-2019 ലെ ഇ9-6121/19 നമ്പർ നടപടിക്രമങ്ങൾ

സാമൂഹ്യനീതി വകുപ്പിൽ 28-02-1993 മുതൽ 31-10-2001 വരെ ഐസിഡിഎസ് സൂപ്പർവൈസർ തസ്തികയിൽ നിയമനം ലഭിച്ച് ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ് പരാമർശം (1) പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം. 299 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ജയാറെജി.എസ് 24/7/2000 ൽ ഐസിഡിഎസ് സൂപ്പർവൈസർ തസ്തികയിൽ പ്രവേശിച്ചെങ്കിലും 03/8/2000 മുതൽ 26/5/2005 വരെയുള്ള വിവിധ കാലയളവിലായി 1196 ദിവസം ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ട്. "ശൂന്യവേതനാവധിയ്ക്കു ശേഷം 27/05/2005 ൽ Fresh Entrant ആയി സർവ്വീസിൽ തിരികെ പ്രവേശിച്ച ജീവനക്കാരി പരാമർശം (1) ലെ സീനിയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുവാൻ അർഹയല്ലാത്തതിനാൽ ശ്രീമതി ജയാറെജി.എസ്, ഐസിഡിഎസ് സൂപ്പർവൈസറെ പരാമർശം (1) ലെ സീനിയോറിട്ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഈ സാഹചര്യത്തിൽ 27-05-2005 ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി ജയാറെജി.എസ്, ഐസിഡിഎസ് സൂപ്പർവൈസറെ 01-11-2001 മുതൽ 31-08-2008 വരെ ജോലിയിൽ പ്രവേശിച്ച സൂപ്പർവൈസർ (ICDS) തസ്തികയിലെ ജീവനക്കാരുടെ പരാമർശം (2) പ്രകാരമുള്ള അന്തിമ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നം. 49 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി വി.വി.ഉഷാകുമാരിയ്ക്കും ക്രമ നം. 50 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി എൻ.ഖമറുന്നീസ യ്ക്കും

ഇടയിലായി ക്രമ നം.49(എ) ആയി ചുവടെ ചേർക്കും പ്രകാരം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | നിയമന നിർദ്ദേശ കത്ത് നമ്പരും തീയതിയും | നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | | |
| 49 (എ) | ജയാറജി.എസ് | 20-5-1970 | BA Sociology | - | RIC(1)32509/99 /w Dated 11-7-2000 | E3/20349/00/DSW Dated 11/7/2000 | 27-5-2005 | |

3. പരാമർശം (2) ലെ ഉത്തരവ് മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്(കാര്യാലയമേധാവി മുഖേന)

പകർപ്പ്

1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2. എല്ലാ കാര്യാലയമേധാവികൾക്കും
3. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്